"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - ശ്രീ എൽവിസ് ഹെൻറി, എൽ.പി.എസ്.ടി, ബി.ഇ.എം യു.പി സ്കൂൾ, ഫറോക്ക്, കോഴിക്കോട് - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.7096/2025/GEDN തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:-
1. ബി.ഇ.എം യു.പി സ്കൂൾ മാനേജർ സമർപ്പിച്ച 22/05/2025 തീയതിയിലെ റിവിഷൻ ഹർജി
2. ഫറോക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/11/2024 തീയതിയിലെ AEOFRK/845/2024-C നമ്പർ കത്ത്
3. കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ DEOKKD/834/2025-B2 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25/07/2025 തീയതിയിലെ ഡി.ജി.ഇ/13814/2025-ജി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഉപജില്ലയിൽപ്പെട്ട ബി.ഇ.എം. യു.പി സ്കൂളിൽ എൽ.പി.എസ്.ടി തസ്തികയിൽ നിയമിതനായ ശ്രീ. എൽവിസ് ഹെൻറിയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി മാനേജറുടെ പ്രതിനിധി, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരെ 25.07.2025 ൽ കേൾക്കുകയുണ്ടായി.

**2) റിവിഷൻ ഹർജിയുടെ സംഗ്രഹവും ഹിയറിംഗ് വേളയിലെ മാനേജറുടെ വാദവും ചുവടെ ചേർക്കുന്നു :-**

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ബി.ഇ.എം യു.പി സ്കൂളിൽ 2019-2020 വർഷം മുതലുണ്ടായ അധിക എൽ.പി.എസ്.ടി തസ്തികയിൽ 08.11.2021 മുതൽ

ശ്രീ. എൽവിസ് ഹെൻറി എന്നവരെ നിയമിക്കുകയും, നിയമന പ്രൊപ്പോസൽ അംഗീകാരത്തിനായി ഫറോക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ 15.03.2022 തീയതിയിലെ ഡി/22200/2021 നം. ഉത്തരവ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം നിരസിക്കുകയാണുണ്ടായത്.

1) 2021-2022 വർഷത്തിൽ ഉണ്ടാകുമെന്ന് കരുതുന്ന അധിക തസ്തികയിലാണ് നിയമനം നടത്തിയിട്ടുള്ളത്.

2) സ്റ്റാഫ് ലിസ്റ്റ് സാർകിച്ചിട്ടില്ല.

3) സർക്കാർ ഉത്തരവ് നമ്പർ 29/2016 തീയതി. 29.01.2016 പ്രകാരമുള്ള സാക്ഷ്യപത്രം സാർഷിച്ചിട്ടില്ല.

4) നിയമന പ്രൊപ്പോസൽ 15 ദിവസത്തിനകം സമർപ്പിച്ചിട്ടില്ല.

ഫറോക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ മേൽ ഉത്തരവിനെതിരെ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ആഫീസർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് അപ്പീലുകൾ സമർപ്പിച്ചിരുന്നെങ്കിലും ജില്ലാ വിദ്യാഭ്യാസ ആഫീസറും, പൊതു വിദ്യാഭ്യാസ ഡയറക്ടറും ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ തീരുമാനം ശരിവെച്ചുകൊണ്ട് അപ്പീലുകൾ നിരസിക്കുകയാണുണ്ടായത്. ആയതിനാലാണ് സർക്കാർ മുമ്പാകെ റിവിഷൻ ഹർജ്ജി സമർപ്പിക്കുന്നത് എന്നു ബോധിപ്പിക്കുന്നു. ഇക്കാര്യത്തിൽ താഴെചറയുന്ന വസ്തുതകൾ പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

1) 2019-2020 വർഷം സൃഷ്ടിക്കപ്പെട്ടതും ഇപ്പോഴും തുടരുന്നതുമായ അധിക എൽ.പി.എസ്.ടി തസ്തികയിലാണ് ശ്രീ. എൽവിസ് ഹെൻറി എന്നവരെ 08.11.2021 മുതൽ നിയമിച്ചിട്ടുള്ളത് എന്ന് ബോധിപ്പിക്കുന്നു. 2019-2020 വർഷത്തെ തസ്തിക നിർണ്ണയം തന്നെയാണ് 2020-2021, 2021-2022 എന്നീ വർഷങ്ങളിലും തുടർന്ന് വരുന്നത്. മേൽ സാഹചര്യത്തിൽ ശ്രീ. എൽവിസ് ഹെൻറിക്ക് നിലനിൽക്കാനുള്ള തസ്തിക സ്കൂളിൽ ലഭ്യമാണ്.

2) നിയമന തിയ്യതിയിലെ സ്റ്റാഫ് ലിസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുന്നതാണ്.

3) 29.01.2016 തിയ്യതിയിലെ 29/2016/പൊ.വി.വ വകുപ്പ് ഉത്തരവ് പ്രകാരമുള്ള ഡിക്ലറേഷൻ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുന്നതാണ്.

4) സമന്വയ വഴി നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ ഒരു ദിവസത്തെ കാലതാമസം വന്നിരുന്നു. ആയത് മാപ്പാക്കാനായി കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 31.03.2022 തിയ്യതിയിൽ അപേക്ഷ സാർചിച്ചിട്ടുണ്ട്. ആയത് ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽ പശ്ചാത്തലത്തിൽ ഫറോക്ക് ബി.ഇ.എം.യു.പി.സ്കൂളിൽ 8.11.2021 മുതൽ അധിക എൽ.പി.എസ്.ടി തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ.എൽവിസ് ഹെൻറിയുടെ നിയമനം ആംഗീകരിക്കാനാവശ്യമായ ഉത്തരവ് നൽകണമെന്ന അപേക്ഷിക്കുന്നു.

അധിക ഡിവിഷൻ അനുവദിക്കാനാവര്യമായ വിദ്യാർത്ഥികൾ ഉണ്ടെങ്കിലും പുതുതായി നിർമിച്ച കെട്ടിടത്തിന് ചില സാങ്കേതിക കാരണങ്ങളാൽ ഫിററ്നസ് ലഭിച്ചിട്ടില്ല. നിയമിതനായ ശ്രീ. എൽവിസ് ഹെൻറി 31.03.2022 വരെ മേൽ സ്കൂളിൽ ജോലി ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാനാണ് ടിയാനെ സ്കൂളിൽ നിലനിർത്തിയിരുന്നത്. ആയതിനാൽ ടിയാന്റെ നിയമനം ദിവസ വേതനാടിസ്ഥാനത്തിലെങ്കിലും അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു. 21.06.2022 മുതൽ ശ്രീ. എൽവിസ് ഹെൻറിയെ 21.06.2022 മുതൽ പരപ്പനങ്ങാടി ബി.ഇ.എം.എൽ.പി,സ്കൂളിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട് എന്നു കൂടി അറിയിക്കുന്നു.

**3) ടി വിഷയത്തിലുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :-**

ഫറോക്ക് ബി.ഇ.എം.യു.പി സ്കൂളിൽ എൽ.പി.എസ്.ടി തസ്തികയിൽ 08/11/2021 തിയ്യതി മുതൽ നിയമിതനായ ശ്രീ.എൽവിസ് ഹെൻറിയുടെ നിയമനാംഗീകാര അപേക്ഷ താഴെ പറയുന്ന ന്യൂനതകൾ കാരണം ഫറോക്ക്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ ഡി/22200/2021 പ്രകാരം നിരസിച്ചിട്ടുള്ളതാണ്.

1. 2021-2022 വർഷത്തിലെ തസ്തിക നിർണയത്തിൽ ഉണ്ടാകുമെന്നു കരുതുന്ന അധിക തസ്തികയിലാണ് നിയമനം നടത്തിയത്. എന്നാൽ സ.ഉ.നമ്പർ.3287/2021 പൊ.വി. തിയ്യതി06/07/2021 പ്രകാരം 2019-20 വർഷത്തിലെ തസ്തിക നിർണയം തന്നെയാണ് 2020-21, 2021-22 വർഷങ്ങളിലും തുടരുന്നത്. തസ്തിക നിർണയം നടക്കാത്തതിനാൽ 2021-22 വർഷത്തിൽ സ്കൂളിൽ അധിക തസ്തിക ലഭ്യമല്ല.

2. സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.

3. സ.ഉ(പി) 29 / 2016 / പൊ.വി .വ തി :29 .01 .2016 പ്രകാരമുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.

4. പ്രൊപോസൽ 15 ദിവസത്തിനകം സമർപ്പിച്ചിട്ടില്ല.

ആയതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ഉത്തരവ് നമ്പർ B2/197746/2022 തീയതി 28/05/2022 പ്രകാരം കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഉത്തരവ് നമ്പർ G3/237218/2022 തീയതി 27/04/2025 പ്രകാരം പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറും നിരസിച്ചിട്ടുള്ളതാണ്. നിരസ്സിക്കാനുണ്ടായ കാരണം ഇപ്പോഴും നിലനിൽക്കുന്നതായി അറിയിച്ചുകൊള്ളുന്നു.

4) മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഉപജില്ലയിൽപ്പെട്ട ഫറോക് ബി.ഇ.എം യു.പി സ്കൂളിൽ 2021 - 2022 വർഷത്തിൽ പ്രതീക്ഷിച്ച അധിക എൽ.പി.എസ്.ടി തസ്തികയിൽ ശ്രീ എൽവിസ് ഹെൻറിയെ 08/11/2021 മുതൽ മാനേജർ നിയമിച്ച് അംഗീകാരത്തിനായി അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ആയത് 1. 2021-2022 വർഷത്തിലെ തസ്തിക നിർണയത്തിൽ ഉണ്ടാകുമെന്നു കരുതുന്ന അധിക തസ്തികയിലാണ് നിയമനം നടത്തിയത്.

എന്നാൽ സ.ഉ.നമ്പർ.3287/2021 പൊ. വി. തിയ്യതി 06/07/2021 പ്രകാരം 2019-20വർഷത്തിലെ തസ്തിക നിർണയം തന്നെയാണ് 2020-21, 2021-22 വർഷങ്ങളിലും തുടരുന്നത്. തസ്തിക നിർണയം നടക്കാത്തതിനാൽ 2021-22 വർഷത്തിൽ സ്കൂളിൽ അധിക തസ്തിക ലഭ്യമല്ല 2. സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിട്ടില്ല 3. സ.ഉ (പി) 29/2016/പൊ.വി.വ തി :29.01.2016 പ്രകാരമുള്ള സാക്ഷ്യപത്രം സമർ പ്പിച്ചിട്ടില്ല 4. പ്രൊപോസൽ 15 ദിവസത്തിനകം സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ നിരസിച്ച് ഉത്തരവായി. ആയതിനെതിരെ മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പിൽ സമർപ്പിക്കുകയും ആയതും നിരസിച്ച് ഉത്തരവായി. ടി ഉത്തരവിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമമ്പയ മുഖേന അപ്പിൽ സമർപ്പിക്കുകയും ആയത് 27.04.2025 ലെ ജി3/237218/2022 നം. നടപടി ഉത്തരവ് പ്രകാരം ടി സ്കൂളിൽ 2021-22 വർഷത്തിൽ അധിക തസ്തിക അനുവദിക്കാത്ത സാഹചര്യത്തിൽ അപ്പീൽ പരിഗണിക്കുവാൻ കഴിയില്ല എന്ന് കാട്ടി നിരസിച്ച് ഉത്തരവായി. ആയതിനെതിരെ ആണ് മാനേജർ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

ഫറോക്ക് ബി.ഇ.എം യു.പി സ്കൂളിൽ 8.11.2021 മുതൽ അധിക എൽ.പി.എസ്.ടി തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. എൽവിസ് ഹെൻറിയുടെ നിയമനം അംഗീകരിയ്ക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം (ദിവസവേതനാടിസ്ഥാനത്തിലെങ്കിലും അംഗീകരിയ്ക്കണമെന്ന് ഹിയറിംഗ് വേളയിൽ ആവശ്യപ്പെട്ടു.)

റിവിഷൻ ഹർജി പ്രകാരം 2019-2020 വർഷം സൃഷ്ടിക്കപ്പെട്ടതും ഇപ്പോഴും തുടരുന്നതുമായ അധിക എൽ. പി.എസ്.ടി. തസ്തികയിലാണ് ശ്രീ. എൽവിസ് ഹെൻറി എന്നവരെ 08.11.2021 മുതൽ നിയമിച്ചിട്ടുള്ളത്. 2019-2020 വർഷത്തെ തസ്തിക നിർണ്ണയം തന്നെയാണ് 2020-2021, 2021-2022 എന്നീ വർഷങ്ങളിലും തുടർന്ന് വരുന്നത്. മേൽ സാഹചര്യത്തിൽ ശ്രീ. എൽവിസ് ഹെൻറിക്ക് നിലനിൽക്കാനുള്ള തസ്തിക സ്കൂളിൽ ലഭ്യമാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായ സമന്വയ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിയമന ഉത്തരവിൽ 2021-2022 ലെ അധിക തസ്തിക എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 2019-2020 വർഷം 10

എൽ.പി.എസ്.ടി തസ്തിക ആണ് നിലവിൽ ഉള്ളത് ആയതിൽ നിയമിതനെ കൂടാതെ 10 അദ്ധ്യാപകർ ജോലിചെയ്യുന്നു. ആയതിനാൽ തന്നെ നിയമിതനെ ഉൾക്കൊള്ളുവാൻ ഒഴിവ് ലഭ്യമല്ല എന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ. എൽവിസ് ഹെൻറിയെ ഉൾക്കൊള്ളാൻ ഒഴിവ് ലഭ്യമല്ലാത്തതിനാൽ ഫറോക്ക് ബി.ഇ.എം യു.പി സ്കൂളിൽ 8.11.2021 മുതൽ അധിക എൽ.പി.എസ്.ടി തസ്തികയിൽ നിയമിക്കപ്പെട്ട ടിയാന്റെ നിയമനം അംഗീകരിയ്ക്കണമെന്ന മാനേജറുടെ റിവിഷൻ ഹർജിയിലെ ആവശ്യം അംഗീകരിയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 20-09-2025 17:14:01
സെക്ഷൻ ഓഫീസർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഫറോക്ക്, കോഴിക്കോട്

കോർപ്പോറേറ്റ് മാനേജർ, സി.എസ്.ഐ സ്കൂൾസ് ഇൻ മലബാർ & വയനാട്, ബാങ്ക് റോഡ്, കോഴിക്കോട് - 673001

ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി